പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3663 — 10.4.2013-ൽ മറുപടിക്ക്

## നിർമ്മൽ സ്റ്റേറ്റ് പദവി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, ആർ. സെൽവരാജ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തിന് നിർമ്മൽ സ്റ്റേറ്റ് പദവി ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | എ) കേരളത്തെ സമ്പൂർണ്ണ നിർമ്മൽ സംസ്ഥാനമാക്കി മാറ്റുന്നതിന് ചുവടെ പറയും പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ഇനിയും നിർമ്മൽ ഗ്രാമ പുരസ്കാരം ലഭ്യമാകുവാനുള്ള ഗ്രാമ, ബ്ളോക്ക്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും നിർവഹണ ഉദ്യോഗസ്ഥരുടെയും പ്രത്യേക സംസ്ഥാനതല വർക്ക് ഷോപ്പ് 2012 മെയ് മാസത്തിൽ സംഘടിപ്പിച്ച് പ്രവർത്തന രേഖ തയ്യാറാക്കി.<br><br>21.06.2012നും 25.06.2012നും തിരുവനന്തപുരത്ത് വച്ച് ബഹു. കേന്ദ്ര ഗ്രാമവികസന കുടിവെള്ളവും ശുചിത്വവും മന്ത്രി, ബഹു. സംസ്ഥാന ഗ്രാമ വികസന വകുപ്പ് മന്ത്രി, ബഹു. സംസ്ഥാന പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി, കേന്ദ്ര കുടിവെള്ളവും ശുചിത്വവും സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, എന്നിവരുടെ നേതൃത്വത്തിൽ നിർമൽ പദവി ലഭ്യമാകുവാനുള്ള ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, ഗ്രാമ വികസന കമ്മീഷണർ, ജില്ലാ കളക്ടർമാർ, സംസ്ഥാന-ജില്ലാ തല ഉദ്യോഗസ്ഥർ, പഞ്ചായത്ത് സെക്രട്ടറിമാർ എന്നിവരുടെ പ്രത്യേക യോഗം ചേർന്ന് തുടർ പ്രവർത്തനം ആസൂത്രണം ചെയ്യുകയുണ്ടായി. അതിൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കി.<br><br>2012 ആഗസ്റ്റ് 6-ാം തീയതി കേന്ദ്ര കുടിവെളളവും ശുചിത്വവും സെക്രട്ടറിയുടെ നേതൃത്വത്തിൽ പ്രവർത്തന അവലോകന യോഗം സംഘടിപ്പിച്ചു. ചീഫ് സെക്രട്ടറിയും കേന്ദ്ര സെക്രട്ടറിയും ചേർന്ന് ജില്ലാ |

കളക്ടർമാരുമായി വീഡിയോ കോൺഫറൻസിലൂടെ പ്രവർത്തന അവലോകനം നടത്തി.

ഗ്രാമ വികസന കമ്മീഷണർ ഓരോ ഗ്രാമ പഞ്ചായത്തിനും ജില്ലാതല ചുമതലക്കാരെ നിശ്ചയിച്ച് ഉത്തരവു നൽകി. പ്രസ്തുത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് പ്രവർത്തന പുരോഗതി അവലോകനം നടത്തുകയുണ്ടായി.

ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ തലത്തിൽ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും പ്രത്യേക അവലോകന യോഗം നടത്തിവരുന്നു.

പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ സംസ്ഥാനതല ഉദ്യോഗസ്ഥരുടെ പ്രത്യേക യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തി.

ദുർഘട പഞ്ചായത്തുകളിൽ പ്രത്യേക നടപടികൾ സ്വീകരിച്ച് വ്യക്തിഗത കക്കൂസ്, പൊതു കക്കൂസ് സൗകര്യമൊരുക്കുന്നതിന് അനുകൂലമായ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചു.

തീരദേശ പഞ്ചായത്തായ കരുങ്കുളത്ത് ഫിഷറീസ് വകുപ്പിന്റെ പ്രത്യേക സഹായം സർക്കാർ തലത്തിൽ ഉറപ്പാക്കി.

പ്രത്യേക വിവര വിജ്ഞാന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് അനുമതി നൽകി.

ബി) ഈ പദവി ലഭിക്കുന്നതു മൂലം എന്തെല്ലാം നേട്ടങ്ങളും സഹായവുമാണ് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

ബി) സംസ്ഥാനത്തിന്റെ പൊതു ജീവിത ഗുണമേന്മയാണ് നിർമ്മൽ പദവിയിലൂടെ സൂചിപ്പിക്കപ്പെടുന്നത്. നിർമ്മൽ പദവി ലഭ്യമാകുന്ന സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാർ പ്രത്യേക സഹായമൊന്നും വാഗ്ദാനം ചെയ്യുന്നില്ല. എന്നാൽ സംസ്ഥാനത്തിന് നിർമൽ പദവി അർഹമാകുന്നതിന് സംസ്ഥാനത്തെ എല്ലാ ഗ്രാമ -ബ്ളോക്ക് - ജില്ലാ പഞ്ചായത്തുകളും നിർമ്മൽ ഗ്രാമ പുരസ്കാരം നേടേണ്ടതുണ്ട്. നിർമൽ ഗ്രാമ പുരസ്കാരം നേടുന്ന ഗ്രാമ, ബ്ളോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ജനസംഖ്യാടിസ്ഥാനത്തിൽ ലഭിക്കുന്ന പ്രത്യേക ധനസഹായം അനുബന്ധമായി ചേർത്തിരിക്കുന്നു.

| | | |
|---|---|---|
| സി) ഏതെല്ലാം ഏജൻസികളാണ് ഈ ലക്ഷ്യത്തിനു വേണ്ടി സഹകരിക്കുന്നത്; വ്യക്തമാക്കുമോ? | സി) | സംസ്ഥാനത്തിന് നിർമ്മൽ പദവി ലഭ്യമാക്കുന്നതിനുളള പ്രവർത്തനങ്ങൾ ശുചിത്വ മിഷന്റെ സഹായത്തോടെ ഗ്രാമ – ബ്ളോക്ക് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിലാണ് സംഘടിപ്പിക്കുന്നത്. ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമ പഞ്ചായത്തിൽ കേന്ദ്ര സർക്കാർ അംഗീകൃത ഏജൻസിയായ കൊടൈക്കനാൽ വാഷ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സർക്കാരിതര സ്ഥാപനത്തിന്റെ സഹായത്തോടെ വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങളും കരുങ്കുളം ഗ്രാമ പഞ്ചായത്തിൽ കൊൽകോത്ത ഗ്രീൻ സാനിട്ടേഷൻ ഫൗണ്ടേഷൻ എന്ന സർക്കാരിതര സ്ഥാപനത്തിന്റെ സഹായത്തോടെ ബയോ ടോയ്‌ലറ്റ് നിർമാണ പ്രവർത്തനങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ